## വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് -PMMVY-IEC മെറ്റീരിയൽസ് - ബ്രോഷർ പോസ്റ്റർ -സ്റ്റിക്കർ അച്ചടിക്കുന്നതിനായി മലപ്പുറം, കാസറഗോഡ് പ്രോഗ്രാം ഓഫീസർമാർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ICDS A6-9201/19 തീയതി 07.09.2019.

2. 28.12.2019 ലെ മലപ്പുറം പ്രോഗ്രാം ഓഫീസറുടെ കത്ത് നം. സി.2765/2019.

3. 21.01.2020 ലെ കാസർഗോഡ് ജില്ലാ പ്രോഗ്രാം ഓഫീസറുടെ അലോട്ട്മെന്റ് കത്ത് നം. E.20/2020.

## ഉത്തരവ് നമ്പർ ICDS/A6-6492/19 തീയതി: 05/02/2020

പ്രധാനമന്ത്രി മാതൃവന്ദന യോജന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രചരണങ്ങൾക്കായും ടി. പദ്ധതി സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായും PMMVY പോസ്റ്ററുകൾ, പാംലെറ്റുകൾ, സ്റ്റിക്കറുകൾ പ്രോജക്റ്റ് തലത്തിൽ ദർഘാസ് മുഖേന ലഭിക്കുന്ന കരാറുകാരെ ഉപയോഗിച്ച് പ്രന്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകൾ പ്രോഗ്രാം ഓഫീസർമാർ അംഗീകരിക്കുകയും അലോട്ട്മെന്റ് തുക ആവശ്യപ്പെടുവാൻ പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. വനിത ശിശുവികസ ഡയറക്ടറുടെ 29.12.2019 ലെ ഉത്തരവ് നം. ICDS-A6-6492/19 പ്രകാരം 13695442/- രൂപ അലോട്ട്മെന്റ് ആവശ്യപ്പെട്ട പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ചിരുന്നു. സൂചന (2) പ്രകാരം മലപ്പുറം പ്രോഗ്രാം ഓഫീസർ 2 ഐ.സി.ഡി.എസ് കൾക്കുള്ള ഫണ്ട് കൂടി ഉൾപ്പെടുത്തി അധിക ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. 21.01.2020 ലെ കാസർഗോഡ് ജില്ലാ പ്രോഗ്രാം ഓഫീസർ ജില്ലയിലെ ICDS കൾക്ക് വേണ്ടി 558514/- രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതു പ്രകാരം IEC മെറ്റീരയൽസ് അച്ചടിക്കുന്നതിനായി ജില്ലാതലത്തിൽ ലഭ്യമായ ക്വട്ടേഷനുകളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക ജില്ലാ പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1 | മലപ്പുറം | 85200/- |
| 2. | കാസർഗോഡ് | 558514/- |
| | ആകെ | 643714/- |

പ്രസ്തുത തുക 2019-2020 സാമ്പത്തിക വർഷത്തിലെ 2235-02-107-47-34-OC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതും മേൽ തുക 2235-02-103-56 എന്ന ശീർഷകത്തിൽ നിന്നും പിന്നീട് ക്ലിപ്പ് ചെയ്ത് നൽകേണ്ടതുമാണ്.

പ്രസ്തുത തുക ജില്ലാ പ്രോഗ്രാം ഓഫീസർമാർ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അനുവദിക്കേണ്ടതാണ്.

IEC മെറ്റീരിയൽസ് അച്ചടി പൂർത്തിയാക്കി വിതരണം നടത്തുന്നതിനു ശേഷം 30 ദിവസത്തിനുള്ളിൽ ധനവിനിയോഗ സാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർ ക്രോഡീകരിച്ച് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
വനിത ശിശു വികസന ഡയറക്ടർ

പ്രോഗ്രാം ഓഫീസർ, മലപ്പുറം.
പ്രോഗ്രാം ഓഫീസർ, കാസർഗോഡ്.

പകർപ്പ്:
സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൽ പ്രകാരം

സൂപ്രണ്ട്

GB